# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1758 | 14.08.2017 ൽ മറുപടിയ്ക്ക്

## പോലീസിനു നേരെയുള്ള ഗുണ്ടാ-ക്വട്ടേഷൻ ആക്രമണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ടി. തോമസ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗുണ്ട-ക്വട്ടേഷൻ ആക്രമണങ്ങളിൽ എത്ര പോലീസു-കാർക്ക് പരിക്കേറ്റിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 9 പോലീസുകാർക്ക് പരിക്കേറ്റിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സ്ഥലങ്ങളിലാണ് പോലീസിനു നേരെ ഗുണ്ടാ ആക്രമണം ഉണ്ടായിട്ടുള്ളതെന്നറിയിക്കാമോ; | (ബി) | ആലപ്പുഴ ജില്ലയിൽ കായംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ ദേശത്തിനകം കോളനി, തൃശ്ശൂർ സിറ്റി ജില്ലയിൽ ഒല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ കച്ചേരി, പാലക്കാട് ജില്ലയിൽ ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ പരിധിയിൽ വടക്കന്തറ എൽ.പി. സ്കൂൾ എന്നീ സ്ഥലങ്ങളിൽ വച്ചാണ് ഗുണ്ടാ ആക്രമണങ്ങൾ ഉണ്ടായിട്ടുള്ളത്. |
| (സി) | ഈ കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര പേരെയെന്നും ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) | ഈ കേസുകളിൽ ആകെ 17 പ്രതികളുണ്ട്. പ്രതികളെല്ലാവരെയും അറസ്റ്റു ചെയ്തിട്ടുണ്ട്. ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കു-മെതിരെ കർശന നിലപാട് സ്വീകരിക്കാത്തതുമൂലമാണ് പോലീസു-കാർക്ക് നേരെ പോലും ഗുണ്ടാ ആക്രമണം ഉണ്ടാകുന്നത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളേയും, സാമൂഹ്യവിരുദ്ധരേയും അമർച്ച ചെയ്യാനായി ശക്തമായ പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നതും ഇതിനായി ഗുണ്ടാ വിരുദ്ധ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, ഓപ്പറേഷൻ സുരക്ഷ പദ്ധതി തുടർന്നുവരുന്നതും അതുവഴി സമൂഹത്തിൽ ജനങ്ങളുടെ സുരക്ഷയും |

ക്രമസമാധാനവും ഉറപ്പാക്കി വരുന്നതുമാണ്. ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെയും നേരിട്ട് വിളിച്ചുവരുത്തി ചോദ്യം ചെയ്യും, ടിയാൻമാരെ പറ്റി രഹസ്യാന്വേഷണ വിഭാഗത്തെക്കൊണ്ടും, ഗുണ്ടാ സ്ക്വാഡിനെക്കൊണ്ടും അവരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചും ഇത്തരം പ്രവർത്തികളിൽ ഏർപ്പെടുന്നത് തടയുന്നതിനായി ക്രിമിനൽ നടപടി നിയമത്തിലേയും KAAPA നിയമത്തിലേയും വിവിധ വകുപ്പുകൾ പ്രകാരവും കരുതൽ നടപടികൾ സ്വീകരിച്ചും, ഇവർ ഉൾപ്പെട്ട കേസുകളിൽ പരമാവധി ശിക്ഷ ലഭിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചും, ഇവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥകൾക്കനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ.

തിരുവനന്തപുരം.

G1/366/LAI/SCRB/2017

| District | Police Station | Cr. No. | Sec. of Law | P/O | No. of Police Personal injured | No. of accused | No. of accused arrested |
|---|---|---|---|---|---|---|---|
| ALP | Kayamkulam | 2944/16 | 353, 341, 323, 324, 333, 307, 506(ii), 225, 212, 34 IPC & Sec. 3(1) of PDPP Act | Deshathinakam Colony | 4 | 13 | 13 |
| TSR C | Ollur | 2169/16 | 323, 324, 332, 307, 506(ii), 225(b), r/w 34 IPC & Sec. 20 r/w 27 of Arms Act | Kachery | 4 | 3 | 3 |
| PKD | Town North | 262/17 | 332, 353 IPC | LP School Vadakkenthara | 1 | 1 | 1 |

സെക്ഷൻ ഓഫീസർ